**Total No. of Pages :** 2

Register Number :

**5004**

Name of the Candidate :

**B.A./B.Sc./B.Music/B.Dance/B.C.A. DEGREE EXAMINATION DECEMBER 2014.**

**(MALAYALAM)**

**(FIRST YEAR)**

**(PART I)**

**514/113 — POETRY AND GRAMMAR**

Time : Three hours

Maximum : 100 marks

## SECTION A

താഴെ കൊടുത്തിട്ടുള്ള നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4 × 15 = 60)**

1. (a) ഗുരു-ശിഷ്യ ബന്ധത്തിന് 'കളിയച്ഛനി'ൽ കല്പിക്കപ്പെടുന്ന വിവിധ മാനങ്ങൾ ഏവ?

അല്ലെങ്കിൽ

(b) ഇടശ്ശേരിക്കവിതയുടെ മുഖ്യഭാവങ്ങളിലൊന്നായ സാഹോദര്യം പെങ്ങളിൽ ഹൃദ്യമായിത്തീരുന്നതെങ്ങനെ?

2. (a) പരശുരാമനേക്കാൾ ആരാധ്യനാണ് മഹാബലിയെന്ന് കവയിത്രി സമർത്ഥിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) ആന തന്റെ സങ്കല്പകാനനങ്ങളിൽ സ്വൈരസഞ്ചാരം ചെയ്യുന്നത് കവി ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

3. (a) ആക്ഷേപപരിഹാസകവിതയെന്ന നിലയിൽ 'ഹിമാലയൻ പണയം' എന്ന കവിതയുടെ പ്രാധാന്യം വിശദമാക്കുക.

അല്ലെങ്കിൽ

(b) ദുരന്തങ്ങളെ സന്തോഷത്തോടെ സ്വീകരിക്കുന്ന കവി മനസ്സാണ് 'സഫലമീയാത്ര'യിൽ കാണുന്നത് - ശരിയോ? സ്വമതം സ്ഥാപിക്കുക.

4. (a) 'അമ്പലമണി' ഏകാന്തതയിൽ മന്ത്രനാദം മുഴക്കിക്കൊണ്ടേയിരിക്കാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) 'കസാബിയൻക' പുതിയ കാലത്തിന്റെ കവിതയാണ് എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

## SECTION B

**(4 × 5 = 20)**

5. ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

   (a) പ്രേക്ഷകരിൽ നിന്നു ശിഷ്യനു നേരെ പുറപ്പെട്ട പ്രതിഷേധ വാക്യങ്ങൾ ഏതെല്ലാം?

   (b) അനുജനെകുറിച്ചോർത്ത് പെങ്ങളുടെ നെഞ്ച് വിറകൊണ്ടതെന്തിന്?

   (c) ക്ഷത്രിയ നിഗ്രഹത്തിന് പരശുരാമനെ പ്രേരിപ്പിച്ച ഘടകമെന്ത്?

   (d) 'കസാബിയൻക' അച്ഛനോട് പറഞ്ഞതെന്താണ്?

   (e) 'വൈവർണ്ണ്യമുണ്ടായ് മുഖത്തച്ഛനും ക്ഷണ നേരം' - എപ്പോൾ? വിശദമാക്കുക.

   (f) മദം കൊണ്ട് മനസ്സിന്റെ സമനില തെറ്റിയ ആനയുടെ ചിത്രം കവി ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

   (g) 'പിറകേ വരുന്നോരാര്? നിങ്ങളാണോ?
   യാഥാർത്ഥ്യത്തിൽ നിറകണ്ണു തുറന്നാവൂ പൊന്നു മക്കളെ' - എന്താണ് യാഥാർത്ഥ്യം?

## SECTION C

**(5 × 2 = 10)**

6. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരം എഴുതുക.

   (a) സമാസം എത്ര വിധം? ഏതെല്ലാം?

   (b) വിഭക്തി എന്നാലെന്ത്?

   (c) വിഭക്ത്യാഭാസം എന്നാലെന്ത്?

   (d) കേരളപാണിനി നിർദ്ദേശിക്കുന്ന സന്ധികൾ ഏതെല്ലാം?

   (e) നെടുങ്കണ്ണി - ഏതു സമാസം?

   (f) സമാസത്തിന്റെ അർത്ഥത്തെ വിവരിക്കുന്ന വാചകത്തിന് പറയുന്ന പേര്.

   (g) അരക്കല്ല്, താമരക്കുളം - ഏത് സന്ധിക്ക് ഉദാഹരണം?

## SECTION D

**(5 × 2 = 10)**

7. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.

   (a) കാകളിയുടെ ലക്ഷണമെന്ത്?

   (b) നതോന്നത വൃത്തത്തിന്റെ പ്രത്യേകതയെന്ത്?

   (c) തരംഗിണി വൃത്തത്തിന്റെ ലക്ഷണമെഴുതുക.

   (d) ഉപമയും ഉൽപ്രേക്ഷയും തമ്മിലുള്ള വ്യത്യാസമെന്ത്?

   (e) ദൃഷ്ടാന്തം എന്ന അലങ്കാരത്തിന്റെ ലക്ഷ്യലക്ഷണമെഴുതുക.

   (f) സ്രഗ്ദ്ധര സംസ്കൃത വൃത്തമോ ഭാഷാ വൃത്തമോ? എന്തുകൊണ്ട്?

   (g) അനേകം വസ്തുക്കൾക്ക് ഒരേ ധർമ്മത്തിൽ അന്വയം കല്പിക്കുന്ന അലങ്കാരം? ലക്ഷണമെഴുതുക.